Mathrubhumi 3-10-18, P-06



### ചെടിച്ചട്ടിയിലും ഗ്രോ ബാഗിലും വളർത്താൻ

# ചുവന്ന കുറിയയിനം അഗത്തിച്ചീര

**ചുവന്നപൂക്കളോടുകൂടിയ കുറിയ ഇനം അഗത്തിച്ചീര ഗൾഫ് നാടുകളിൽ പുൽത്തകിടികളിൽ അലങ്കാര സസ്യമായി ഉപയോഗിക്കുന്നു**

**ആത്മ പദ്ധതിയുടെ ഭാഗമായാണ് വംശവർധന നടത്തി കേരളത്തിലെ കർഷകരിലെത്തിച്ചത്**



## ചുവന്ന പൂവുള്ള അഗത്തിച്ചീരയുടെ ഗുണങ്ങൾ

- നട്ട് മൂന്ന് മാസത്തിനുള്ളിൽ ചെടി വളർന്ന് പൂക്കൾ തരുന്നു
- കുറിയ ഇനമായതു കൊണ്ട് പൂക്കൾ കൈയെത്തും ദൂരത്തുനിന്ന് ശേഖരിക്കാം
- നല്ല വെയിലത്ത് മുറ്റത്തും ചെടിച്ചട്ടിയിലും ഗ്രോബാഗിലും വളർത്താൻ സാധിക്കും
- വെള്ളപ്പൂക്കളെ അപേക്ഷിച്ച് ചുവന്ന പൂക്കൾ കൂടുതൽ രുചികരമാണ്
- മിക്കവാറും എല്ലാ സമയത്തും പൂവ് ലഭിക്കുന്നു

**വി.എൻ. ഷിബുകുമാർ**

സെസ്ബേനിയ ഗ്രാൻറിഫ്ലോറ എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്ന അഗത്തിച്ചീരയുടെ ഔഷധഗുണങ്ങൾ ഏത്ര വിവരിച്ചാലും അധികമാകില്ല. ഇല, പൂക്കൾ എന്നിവയാണ് സാധാരണ പച്ചക്കറിയായി ഉപയോഗിക്കുന്നത്. പൂവിന് കിലോഗ്രാമിന് 300 രൂപ വരെ വിപണിയിൽ ലഭിക്കുന്നു.

ഉയരം കൂടിയ വെള്ളപ്പൂക്കളോടുകൂടിയ ഇനത്തിൽനിന്ന് പൂക്കൾ ശേഖരിക്കാൻ പൊതുവേ ബുദ്ധിമുട്ടാണ്. പലപ്പോഴും അടർന്ന് നിലത്ത് വീഴുന്ന പൂക്കൾ ശേഖരിച്ചാണ് പച്ചക്കറിയായി ഉപയോഗിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ നാവായിക്കുളം പഞ്ചായത്തിലെ കർഷകയുടെ തോട്ടത്തിൽനിന്ന് തിരഞ്ഞെടുത്ത് വംശവർധന നടത്തി ഉത്പാദിപ്പിച്ച ചുവന്ന കുറിയ ഇനം അഗത്തിച്ചീര കർഷകർ രണ്ട് കൈയും നീട്ടി സ്വീകരിച്ചിരിക്കുന്നു.

### തൈകൾ തയ്യാറാക്കുന്ന വിധം

മൂപ്പെത്തിയ കായ്കളിൽനിന്ന് ശേഖരിക്കുന്ന വിത്തുകൾ പോട്ടിങ് മിശ്രിതം നിറച്ച പ്രോട്രേയിലോ പോളി ബാഗിലോ പാകി മുളപ്പിച്ച് തൈകൾ തയ്യാറാക്കാം.

ജനുവരി-മാർച്ച് മാസങ്ങളിൽ ലഭിക്കുന്ന വിത്തുകളാണ് തൈകൾ ഉത്പാദിപ്പിക്കാൻ ഏറെ അനുയോജ്യം. ഒരു മാസം പ്രായമായ തൈകൾ നല്ല സൂര്യപ്രകാശമുള്ള സ്ഥലത്ത് പറിച്ചു നടണം. അടിവളമായി ചാണകം, ചാരം, കമ്പോസ്റ്റ് എന്നിവ നൽകാവുന്നതാണ്. ചെടിയുടെ വളർച്ചയ്ക്കനുസരിച്ച് കമ്പോസ്റ്റ്, പിണ്ണാക്കുകൾ എന്നിവ നൽകി ചെടികളെ എപ്പോഴും ആരോഗ്യമുള്ളവയായി പരിചരിക്കണം. സൂര്യപ്രകാശം പൂർണമായി ലഭിച്ചാൽ ധാരാളം പൂക്കൾ ലഭിക്കും. തൈകൾ വളർത്തുമ്പോൾ കൂടുതൽ ഉയരത്തിൽ പോകാതെ കൈയെത്തും ദൂരത്ത് തന്നെ പിടിച്ചുനിർത്തണം. ചെടികൾ ഒരടി ഉയരത്തിൽ എത്തുമ്പോൾ തന്നെ അഗ്രഭാഗത്തുള്ള ശിഖരങ്ങൾ പൊട്ടാൻ അനുവദിക്കുക. ഇങ്ങനെ ലഭിക്കുന്ന ശിഖരങ്ങളും കൂടുതൽ ഉയരത്തിൽ വളരാതെ അഗ്രഭാഗത്തുനിന്ന് കൂടുതൽ ശിഖരങ്ങൾ വളരാൻ അനുവദിക്കുക.

ഈ രീതിയിൽ ആവശ്യാനുസരണം ശിഖരങ്ങൾ പൊട്ടാൻ അനുവദിച്ച് ചെടിയെ കൈയെത്തും ദൂരത്ത് തന്നെ നിലനിർത്തിയാൽ കൂടുതൽ പൂക്കൾ ആവശ്യാനുസരണം പറിച്ചെടുക്കാൻ സാധിക്കും.

ഉദരസംബന്ധമായ രോഗങ്ങൾക്കും വായിലെ അൾസറിനും അഗത്തിച്ചീരയുടെ ഇല തോരൻ വെച്ച് കഴിക്കുന്നത് അത്യുത്തമമാണ്. കൈകാലുകളിൽ വേദനയുള്ള ഭാഗത്ത് അഗത്തിച്ചീരയുടെ നീര് പുരട്ടി ചൂടുപിടിച്ചാൽ വേദനയ്ക്ക് ആശ്വാസം ലഭിക്കും.

പനി, സന്ധിവേദന, പ്രമേഹം, ക്ഷീണം, തളർച്ച, കാൽവിണ്ടുകീറൽ തുടങ്ങിയ രോഗങ്ങൾക്കും മുലപ്പാൽവർധനയ്ക്കും ഉപയോഗിക്കുന്ന വിവിധ ആയുർവേദ ഔഷധങ്ങളുടെ ഒരു പ്രധാന ചേരുവ കൂടിയാണ് അഗത്തിച്ചീരയുടെ വിവിധ ഭാഗങ്ങൾ.

തിരുവനന്തപുരം നാവായിക്കുളം കൃഷിഭവനുമായോ ഇക്കോഷോപ്പുമായോ ബന്ധപ്പെട്ടാൽ തൈകൾ ലഭ്യമാക്കുന്നതാണ്. ഫോൺ നമ്പർ: 9447493692, 9447655265, 8943961448.

**കൂടുതൽ കൃഷി വാർത്തകൾക്ക്**
www.mathrubhumi.com/agriculture

കാർഷിക രംഗത്തിലേക്കുള്ള കുറിപ്പുകൾ അയക്കേണ്ട വിലാസം:
പത്രാധിപർ,
കാർഷികരംഗം,
മാതൃഭൂമി,
കെ.പി. കേശവമേനോൻ റോഡ്, കോഴിക്കോട്-673001

## കൃഷി പരിപാലനം

**വായനക്കാരുടെ സംശയങ്ങൾക്ക് സുരേഷ് മുതുകുളം മറുപടിപറയുന്നു**

### വടുകപ്പുളി നാരകം കായ്ക്കുന്നില്ല

**ഏഴെട്ടു വർഷമായിട്ടും വടുകപ്പുളി നാരകം കായ്ക്കുന്നില്ല. എന്താണ് കാരണം?** – വിമല പി.കെ ( vimala.madhurima@gmail.com)

വടുകപ്പുളി നാരകം ഉൾപ്പെടെയുള്ള നാരകച്ചെടികൾ നന്നായി പരിചരിച്ചു വളർത്തിയാൽ മൂന്നാം വർഷം വിളവെടുക്കാൻ പാകത്തിന് കായ പിടിക്കും.

കൃത്യമായ വളപ്രയോഗം, സൂക്ഷ്മ മൂലക പ്രയോഗം, പുതയിടൽ എന്നിവ പ്രധാനമാണ്. തൈ നടുന്നത് തന്നെ 20-25 കിലോ ഗ്രാം ജൈവവളം, ഒരു കിലോ വേപ്പിൻ പിണ്ണാക്ക് എന്നിവ മേൽമണ്ണുമായി കലർത്തി നിറച്ച കുഴിയിലാകണം.

ചെടി വളരുന്നതിനനുസരിച്ച് കുറേശ്ശെ രാസവളപ്രയോഗവുമാകാം. ഇതിന് ചെടിയുടെ ചുവട്ടിൽ നിന്ന് ആറ് ഇഞ്ച് മാറി 120 ഗ്രാം യൂറിയ, 150 ഗ്രാം സിങ്കിൾ സൂപ്പർ ഫോസ്ഫേറ്റ്, 75 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ ഓരോ കുഴിയിലും ചേർക്കണം.

വളം ചേർക്കുമ്പോൾ നന നിർബന്ധമാണ്. ഒപ്പം സൂക്ഷ്മ മൂലകക്കുറവ് പരിഹരിക്കാൻ ഇനി പറയുന്ന പദാർഥങ്ങൾ ഒരു ലിറ്റർ വെള്ളത്തിൽ കലർത്തിയ ലായനി തളിച്ചു കൊടുക്കുകയും വേണം.

സിങ്ക് ഫോസ്ഫേറ്റ് (5 ഗ്രാം) ഫെറസ് സൾഫേറ്റ് (2 ഗ്രാം), മഗ്നീഷ്യം സൾഫേറ്റ് (2 ഗ്രാം), മാംഗനീസ് സൾഫേറ്റ് (2 ഗ്രാം), ബോറാക്സ് (ഒരു ഗ്രാം), കുമ്മായം (6 ഗ്രാം), യൂറിയ (10 ഗ്രാം) എന്നിവ ചുവട്ടിൽ പുതയിടുകയും തറനിരപ്പിൽ നിന്ന് 40-50 സെ.മീ ഉയരത്തിലുള്ള ശിഖരങ്ങൾ നീക്കുകയും വേണം.



### പേരക്കയിൽ കറുത്തകുത്തുകൾ

**ഞങ്ങളുടെ പറമ്പിലെ പേരക്കാമരത്തിലെ കായ്കൾ മൂക്കുന്നതിനു മുമ്പായി കറുത്തകുത്തുകൾ വന്ന് കേടാകുന്നു. ഇതിന് പ്രതിവിധി എന്ത്?**

**–നഫീസ കുഞ്ഞിപ്പ, പന്താവൂർ**

കുമിൾ ബാധയാണ് പേരക്കയിൽ കറുത്ത കുത്തുകൾ വീഴാൻ ഇടയാക്കുന്നത്. കായ്കൾ അഞ്ച് സെൻറിമീറ്റർ വലിപ്പമെത്തുമ്പോൾ തന്നെ പോളിത്തീൻ കവർ കൊണ്ട് പൊതിഞ്ഞ് ഇത് തടയാം.

രോഗബാധ കണ്ടാൽ ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതമോ അല്ലെങ്കിൽ കോപ്പർ ഓക്സി ക്ലോറൈഡ് മൂന്നു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലർത്തിയതോ കായ്കളിലും ചുറ്റുവട്ടത്തും തളിക്കുക. കുമിൾ ബാധ കുറയുന്നെങ്കിൽ ഇത് ആവർത്തിക്കേണ്ട. അല്ലെങ്കിൽ രണ്ടാഴ്ച കഴിഞ്ഞ് ഒരു തവണ കൂടി തളിക്കുക. രോഗം കുറയും. മറ്റ് കായ്കളിലേക്ക് വ്യാപിക്കുന്നതും തടയാം.